പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1764 13-7-2011-ന് മറുപടിക്ക്

**കായംകുളം പട്ടണത്തിലെ മാലിന്യം നീക്കം ചെയ്യാൻ നടപടി**

| ചോദ്യം<br>ശ്രീ. സി.കെ.സദാശിവൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി.<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| --- | --- |
| എ) ഒരു മാസത്തിലേറെയായി കായംകുളം പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മാലിന്യം നീക്കം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ പകർച്ചവ്യാധി ഭീഷണി നേരിടുന്ന കായംകുളം പട്ടണത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; | ബി) നഗരപ്രദേശത്ത് ദിനംപ്രതി യുണ്ടാകുന്ന മാലിന്യം അതാത് ദിവസം തന്നെ നീക്കം ചെയ്തു വരുന്നു. |
| സി) കായംകുളത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് മാലിന്യ സംസ്ക്കരണത്തിനായി ശാസ്ത്രീയമായ പദ്ധതികൾ അവലംബിക്കുമോ; | സി) നിലവിൽ നഗരസഭയിലെ മാലിന്യം നിക്ഷേപിക്കുന്ന 89 സെന്റ് സ്ഥലത്ത് 2 വെർമി കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. അധികം വരുന്ന മാലിന്യങ്ങൾ ഇപ്പോൾ കൂട്ടിയിടുകയാണ് ചെയ്യുന്നത്. നിലവിലുള്ള ഖരമാലിന്യ ഡിപ്പോയോട് ചേർന്ന് 4.5 ഏക്കർ സ്ഥലം നഗരസഭ ഏറ്റെടുത്തിട്ടുണ്ട്. അവിടെ ആധുനിക രീതിയിലും ശാസ്ത്രീയവുമായി മാലിന്യം സംസ്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കാൻ നഗരസഭ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി | പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾക്ക് നേതൃത്വം നൽകുവാൻ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരുടെ എണ്ണം പരിമിതമായിരിക്കെ താത്കാലിക മായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) | 15 താൽക്കാലിക ജീവനക്കാരെ നിയോഗിച്ച് പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ചവർ ഡിപ്പോയിൽ വരുന്ന മാലിന്യം കൈകാര്യം ചെയ്യുന്നതിന് വേണ്ടി 25 കുടുംബശ്രീ പ്രവർത്ത കരേയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ